# വിപ്ലവമുണ്ടാകുന്നത് ത്യാഗങ്ങളിലൂടെ

## (വഖ്ഫെ ജദീദ് വിളംബരം)

الَّذِينَ يُنفِقُونَ أَمْوَالَهُمْ فِي سَبِيلِ اللَّهِ ثُمَّ لَا يُتْبِعُونَ مَا أَنفَقُوا مَنًّا وَلَا أَذًى لَّهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

**ഞാ**നോതിയ ഈ വചനത്തില്‍ ചിലയാളുകളുടെ സല്‍ക്കര്‍മ്മങ്ങളെക്കുറിച്ച് അല്ലാഹു പ്രതിപാദിച്ചിരിക്കുന്നു; അവരുടെമേല്‍ അവന്‍ ചെയ്ത അനുഗ്രഹത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഈ വചനത്തിന്റെ അര്‍ത്ഥം ഇങ്ങനെയാണ്.

"അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ തങ്ങളുടെ ധനം ചെലവഴിക്കുകയും പിന്നീട് അതിനെ തുടര്‍ന്ന് തങ്ങള്‍ ചെലവ് ചെയ്തത് ഔദാര്യമായി എടുത്തുപറയാതിരിക്കുകയും വേദനിപ്പിക്കാതിരിക്കുകയും ചെയ്യുന്നവര്‍ക്ക് അവരുടെ നാഥന്റെ പക്കല്‍ അവരുടെ പ്രതിഫലമുണ്ട്. അവര്‍ക്ക് യാതൊരുവിധ ഭയവും ഉണ്ടായിരിക്കുകയില്ല. അവര്‍ ദുഃഖിക്കുന്നവരുമല്ല (2:263).

ഇവിടെ സംബോധന ചെയ്തിട്ടുള്ള അക്കൂട്ടര്‍ ആരാണ്? സല്‍ക്കര്‍മ്മം ചെയ്യുന്നവര്‍ക്ക് പ്രതിഫലം നല്കുമെന്ന് അല്ലാഹു പറഞ്ഞിട്ടുള്ള അക്കൂട്ടര്‍ ആരാണ്?

അല്ലാഹുവിനുവേണ്ടി നന്മ പ്രവര്‍ത്തിക്കാത്ത ചിലരുമുണ്ട്. പക്ഷേ, അവര്‍ ചെയ്യുന്നത് നന്മയായിരിക്കും. ആരേയും കാണിക്കാന്‍ വേണ്ടി ആയിരിക്കില്ല അവര്‍ അത് ചെയ്യുന്നത്. എന്നാല്‍, അല്ലാഹുതആല അവര്‍ക്കും പ്രതിഫലം നല്കുന്നുണ്ട്.

ഈ വചനത്തിന്റെ മുമ്പേയും പിമ്പേയുമുള്ള വചനങ്ങളില്‍നിന്ന്, ഇവിടെ സത്യവിശ്വാസികളുടെ ജമാഅത്തിനെക്കുറിച്ചാണ് പറയുന്നതെന്ന് മനസ്സിലാകുന്നു. അവര്‍ അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ അവന്റെ പ്രീതി ലഭ്യമാകുന്നതിനുവേണ്ടി ചെലവഴിക്കുന്നു. ഇതുസംബന്ധമായി അല്ലാഹു ഒരിടത്ത് പറയുന്നു:

***വമാ തുന്‍ഫിഖൂന ഇല്ലബ്തിഗാഅ വജ്ഹില്ലാഹ്.*** അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടല്ലാതെ നിങ്ങള്‍ ഒരിക്കലും ചെലവഴിക്കുന്നില്ല (2:273).

സത്യവിശ്വാസി തന്റെ എല്ലാ കര്‍മ്മങ്ങളും അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ചെയ്യുന്നുവെന്നത് അവന്റെ തേജോവിലാസമാണ്. അങ്ങനെതന്നെയാണ് വേണ്ടതും. ഇവിടെ അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ ചെലവഴിക്കുന്നവരുടെ ലക്ഷണങ്ങളും പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്നതാണ് ആ ചെലവഴിക്കലിന്റെ പിന്നിലുള്ളത്. അതുകൊണ്ട് ***ലാ യുത്ബിഊന മാ അന്‍ഫഖൂ മന്നന്‍വ്വലാഅദാ*** ചെലവ് ചെയ്തുകഴിഞ്ഞാല്‍ അത് ഔദാര്യമായി എടുത്തുപറഞ്ഞുകൊണ്ട് പിന്നാലെ നടക്കുകയില്ല. എന്നാല്‍, ***യുന്‍ഫിഖൂന അംവാലഹും രിആഅന്നാസ്*** എന്നതാണ് അവിശ്വാസികളുടെ ലക്ഷണം. അതായത് തങ്ങളുടെ ധനം അവര്‍ ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നു. ഇങ്ങനെ കാണിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നവന്‍, ***ലാ യുഅ്മിനൂന ബില്ലാഹി വലാ ബില്‍യൗമില്‍ ആഖിര്‍*** അല്ലാഹുവില്‍ വിശ്വസിക്കുന്നില്ല. പുനരുത്ഥാനനാളിലും വിശ്വസിക്കുന്നില്ല. അല്ലാഹുവിലും പുനരുത്ഥാനനാളിലും വിശ്വസിക്കാത്തവര്‍ ശയ്ത്വാന്റെ കൂട്ടുകാരാണ്. അവര്‍ക്ക് അല്ലാഹുവുമായി ഒരു ബന്ധവുമില്ല.

അതിനാല്‍, ശയ്ത്വാനില്‍നിന്ന് ദൂരത്തേക്ക് ഓടുകയും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുകയും ബന്ധം സ്ഥാപിക്കാന്‍ ആഗ്രഹിക്കുകയും ചെയ്യുന്ന സത്യവിശ്വാസി ഒരിക്കലും പ്രദര്‍ശനത്തിനായി ചെലവഴിക്കുകയില്ല. പ്രദര്‍ശനത്തിന് ശ്രമിക്കാതെ അല്ലാഹുവിനുവേണ്ടി മാത്രം ചെലവഴിക്കുകയും അല്ലാഹുവിനുവേണ്ടി എല്ലാ കര്‍മ്മങ്ങളും ചെയ്യാന്‍ ശ്രമിക്കുകയും ചെയ്യുമ്പോള്‍ അല്ലാഹു പറയുന്നു: ***ലഹും അജ്റുഹും ഇന്‍ദ റബ്ബിഹിം വലാ ഖൗഫുന്‍ അലയ്ഹിം വലാഹും യഹ്സനൂന്‍.*** അവരുടെ നാഥന്റെ പക്കല്‍ അവരുടെ പ്രതിഫലം ഉണ്ട്. അവര്‍ക്ക് ഒരു ഭയവും ഉണ്ടായിരിക്കുകയില്ല. അവര്‍ ദുഃഖിക്കുകയുമില്ല.

അല്ലാഹുവിന്റെ പ്രീതിക്കായി തങ്ങളുടെ ധനം ചെലവഴിക്കുന്നവര്‍ ഭാഗ്യവാന്മാരാണ്. അവര്‍ ചെലവഴിച്ചുകഴിഞ്ഞാല്‍ അത് മറന്നുപോകും. അല്ലാഹുവിന്റെ

മാർഗ്ഗത്തിൽ എപ്പോഴെങ്കിലും എന്തെങ്കിലും ചെലവഴിച്ചിട്ടുണ്ടോ എന്നവർക്ക് ഓർമ്മയുണ്ടാകുകയില്ല. തങ്ങൾ ഇന്ന സമയത്ത് ഇത്ര ചന്ദ കൊടുത്തുവെന്ന്, ഔദാര്യമെന്നോണം അവർ എടുത്തുപറയുകയില്ല. നാം ഇന്ന് പരിശോധിച്ചുനോക്കുകയും ദൃഷ്ടികൾ പായിച്ചുനോക്കുകയും ചെയ്യുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ മാത്രമെ അത്തരക്കാരെ കാണാൻ കഴിയുകയുള്ളൂ. അവർ ഒന്നിനു പിറകെ മറ്റൊന്നായി ത്യാഗം വരിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചുകൊണ്ട് പോകുകയും ചെയ്യുന്നു. എന്നാൽ, ജമാഅത്തിനോട് ഔദാര്യം കാണിച്ചുവെന്ന് ഒരിക്കലും അവർ പറയുകയില്ല. ഒന്നോ ഒറ്റയോ അഥവാ ഉണ്ടെങ്കിൽത്തന്നെ, അത് രോഗം ബാധിച്ച പക്ഷിയെപോലെ കൂട്ടിൽനിന്ന് വേർപെട്ടുപോകുന്നു. ഏതെങ്കിലും വനത്തിൽ അപ്രത്യക്ഷമാകുന്നു. അങ്ങനെ വന്യമൃഗങ്ങളുടെയും ചെന്നായ്ക്കളുടെയും ഇരയായിത്തീരുന്നു. അവരുടെ ദീനും ദുൻയാവും നഷ്ടപ്പെട്ടുപോകുന്നു. ഇതുതന്നെയാണ് നമ്മൾ ഇന്നുവരെ കണ്ടുവന്നിട്ടുള്ളത്.

സൗഖ്യത്തിന്റെ കോട്ടയിൽനിന്ന് എപ്പോഴെങ്കിലും ആരെങ്കിലും പുറത്തുചാടിയിട്ടുണ്ടെങ്കിൽ, അവരുടെ പര്യവസാനം ഇതുതന്നെയായിരിക്കും. എന്തായാലും ഞാൻ പറഞ്ഞുവന്നത്, അല്ലാഹുവിന്റെ എത്ര വലിയ ഔദാര്യമാണ് നമ്മളിലുള്ളത്. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ നമ്മെ ഉൾപ്പെടുത്തിക്കൊണ്ട്, ഭയവും ദുഃഖവും ഒന്നുമില്ലാത്തവരുടെ കൂട്ടത്തിൽ നമ്മെ ചേർത്തു. എന്തൊരു ത്യാഗം ചെയ്താലും, ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ഏതൊരു ധനവും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊടുത്താലും അല്ലാഹു അതിന് അസംഖ്യം പ്രതിഫലം നല്കുന്നു. ഒരിടത്ത് പറഞ്ഞു, ***ഫല്ലദീന ആമനൂ മിൻകും വ അൻഫഖൂലഹും അജ്റുൻ കബീർ***. നിങ്ങളിൽനിന്ന് വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വളരെ വലിയ പ്രതിഫലമുണ്ട് (57:8).

അല്ലാഹുവിൽനിന്ന് ലഭിക്കുന്ന പ്രതിഫലമെന്തായാലും, അത് മനുഷ്യചിന്തയ്ക്കതീതമായിരിക്കും. പക്ഷേ, ഇവിടെ പറഞ്ഞത് വെറും പ്രതിഫലമല്ല. അത്തരം വിശ്വാസികൾക്ക് അജ്റുൻ കബീറാണുള്ളത്. ഇത്തരം പ്രതിഫലം കൊണ്ടനുഗ്രഹിക്കപ്പെടുന്നയാൾ എത്ര വലിയ ഭാഗ്യവാനാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നാം ബയ്അത്ത് ചെയ്തു. അഹ്മദികളായ നമ്മുടെ ഉള്ളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആത്മാവ് സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെയുള്ള നമ്മൾ എത്രവലിയ ഭാഗ്യവാന്മാരാണ്. ശരിയായ ഇസ്‌ലാമിക അധ്യാപനത്തിന്റെ മനോഹാരിതയും സവിശേഷഗുണങ്ങളും നമുക്ക് അദ്ദേഹം പറഞ്ഞുതന്നു. അല്ലാഹുവുമായിട്ട് ജീവൽബന്ധം സ്ഥാപിക്കുന്നതിനുള്ള വഴി നമുക്ക് കാണിച്ചുതന്നു. അല്ലാഹുവിന്റെ കല്പനകളുടെ സൗന്ദര്യത്തെ തുറന്നനിലയിൽ നമ്മളിൽ പ്രകടിപ്പിച്ചു. ഇതുമുഖേന അഹ്മദിയുടെ ഹൃദയത്തിൽ മർളാത്തില്ലാഹ്- അല്ലാഹുവിന്റെ പ്രീതി അന്വേഷിക്കുന്നതിനുള്ള തീക്കനൽ ജ്വലിച്ചു. ഒരിടത്ത് ആ മഹാത്മാവ് പറയുന്നു:

“ധനത്തോട് സ്നേഹം ഉണ്ടാകാൻ പാടില്ല. അല്ലാഹു പറയുന്നു: ***ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ***. നിങ്ങൾ ഇഷ്ടപ്പെടുന്ന വസ്തുക്കളിൽനിന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നതുവരെ നിങ്ങൾ ഒരിക്കലും നന്മയെ പ്രാപിക്കുകയില്ല. നബി(സ)യുടെ കാലവുമായി ഇക്കാലത്തുള്ള അവസ്ഥകൾ താരതമ്യം ചെയ്തുനോക്കുമ്പോൾ, ഇക്കാലത്തെ അവസ്ഥയിൽ വിഷമം തോന്നുന്നു. ജീവനേക്കാൾ പ്രിയപ്പെട്ടതായി മറ്റൊന്നുമില്ല. അക്കാലഘട്ടത്തിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അങ്ങനെയുള്ള പ്രിയങ്കരമായ ജീവൻ ബലിയർപ്പിക്കേണ്ടതായി വന്നിരുന്നു. നിങ്ങളെപ്പോലെ അവർക്കും ഭാര്യയും മക്കളും ഉണ്ടായിരുന്നു. ജീവൻ സകലർക്കും പ്രിയപ്പെട്ടതാണ്. എന്നാൽ, അവർ അവസരം കിട്ടിയാൽ അല്ലാഹുവിന്റെമാർഗ്ഗത്തിൽ ജീവൻ ബലിയർപ്പിക്കാൻ അത്യാശയോടെ കാത്തിരുന്നു.” വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. “നിങ്ങളുടെ ഇഷ്ടം ഉപേക്ഷിച്ചുകൊണ്ട്, നിങ്ങളുടെ ആനന്ദം ഉപേക്ഷിച്ചുകൊണ്ട്, നിങ്ങളുടെ മാനം ഉപേക്ഷിച്ചുകൊണ്ട്, നിങ്ങളുടെ ധനം ഉപേക്ഷിച്ചുകൊണ്ട്, നിങ്ങളുടെ ജീവൻ ഉപേക്ഷിച്ചുകൊണ്ട് മരണത്തിന്റെ ദൃശ്യം നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്ന കയ്പുള്ള ജീവിതം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വഹിക്കാത്തിടത്തോളം അല്ലാഹുവിന്റെ ഇഷ്ടം പ്രാപിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. എന്നാൽ, കയ്പുള്ള ജീവിതം വഹിക്കുകയാണെങ്കിൽ, പ്രിയപ്പെട്ട കുഞ്ഞിനെപ്പോലെ അല്ലാഹുവിന്റെ മടിത്തട്ടിലേക്ക് വരുന്നതാണ്. നിങ്ങൾക്കു മുമ്പേ കഴിഞ്ഞുകടന്ന ആ സാത്ത്വികരായ ജനതയുടെ അനന്തരാവകാശികളായിത്തീരുന്നതാണ്. ഓരോ അനുഗ്രഹത്തിന്റേയും വാതിലുകൾ നിങ്ങൾക്കായി തുറക്കപ്പെടുന്നതാണ്. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകൾ ഉപേക്ഷിക്കുകയാണെങ്കിൽ അല്ലാഹുവിലായിരിക്കും നിങ്ങൾ വെളിപ്പെടുക. അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. നിങ്ങൾ വസിക്കുന്ന ഭവനം അനുഗൃഹീതമായിരിക്കും. നിങ്ങളുടെ ഭവനത്തിന്റെ ഭിത്തികളിൽ അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങും. അത്തരം വ്യക്തി വസിക്കുന്ന പട്ടണവും അനുഗൃഹീതമാകും.”

നാം എത്രയധികം ഭാഗ്യവാന്മാരാണ്. അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനുള്ള വഴി തെളിച്ചുകാണിച്ചുതന്ന, ഇമാം നല്കപ്പെട്ട നാം എത്രമാത്രം ഭാഗ്യശാലിക

ളാണ്. നബി(സ) തിരുമേനിയുടെ യഥാർത്ഥമായ ആത്മാവ് ആ മഹാത്മാവ് നമ്മളിൽ സൃഷ്ടിച്ചു. വിശുദ്ധ ഖുർആന്റെ മനോഹരമായ അധ്യാപനത്തിന്റെ തിരിച്ചറിവ് നമ്മളിലുണ്ടാക്കി. അതിലൂടെ നടന്നുകൊണ്ട് നാം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ശ്രമിക്കുന്നു.

അല്ലാഹു ധനത്യാഗത്തേയും, തന്റെ പ്രീതി കരസ്ഥമാക്കാനുള്ള മാർഗ്ഗമായി പറഞ്ഞിരിക്കുന്നത് നാം കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന്റെ പ്രാധാന്യം നമുക്ക് വെളിപ്പെടുത്തിത്തന്നു. അല്ലാഹുവിന്റെ സന്ദേശം ലോകത്തുള്ള ഓരോ വ്യക്തിയിലേക്കും എത്തിക്കുക എന്ന ദൗത്യം നല്ലനിലയിൽ നിർവഹിക്കുന്നതിനുവേണ്ടിയായിരുന്നു അത്. ജമാഅത്തിലെ ഓരോ അംഗവും ഈ നിർബന്ധ കടമ നല്ലനിലയിൽ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയായിരുന്നു അത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം ഖലീഫമാരും ഇക്കാര്യം ജമാഅത്തിനോട് പറഞ്ഞുകൊണ്ടിരുന്നു. പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. കാരണം അല്ലാഹുവിന്റെ പ്രീതി ലഭ്യമാകുന്നതിന് ആരാധനാ കർമ്മങ്ങളോടൊപ്പം എല്ലാത്തരം ത്യാഗങ്ങളും വരിക്കാനും നിർദ്ദേശിച്ചിരിക്കുന്നു. ധനത്യാഗവും അതിലൊന്നാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ ഖിലാഫത്ത് കാലം 52 വർഷം നീണ്ടുനിന്നിരുന്നു. ആ മഹാത്മാവ് ജമാഅത്ത് വ്യവസ്ഥിതിയെ കെട്ടുറപ്പുള്ളതാക്കി. ശിക്ഷണപരവും പ്രബോധനപരവും ആത്മീയപരവും ധനപരവുമായ പരിപാടികൾ ജമാഅത്തിന് നല്കി; ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം കരസ്ഥമാക്കുന്നതിനുവേണ്ടി നാം ദ്രുതഗതിയിൽ മുന്നോട്ട് കുതിക്കാനായിരുന്നു അത്. ഈ പ്രബോധനപരവും ശിക്ഷണപരവുമായ പരിപാടികളിൽപെട്ട ഒരു സ്കീമായിരുന്നു ആ മഹാത്മാവ് ജമാഅത്തിന്റെ മുമ്പിൽ സമർപ്പിച്ച വഖ്ഫ് ജദീദ് പദ്ധതി. ഇതിനുവേണ്ടി ധനത്യാഗം ചെയ്യാനും ജീവിതം വഖ്ഫ് ചെയ്ത് മുഅ്ല്ലിമാകാനും ആ ധന്യാത്മാവ് ആഹ്വാനം ചെയ്തു; പാക്കിസ്ഥാനിലേയും ഇന്ത്യയിലേയും ഗ്രാമങ്ങളിൽ പോയി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം വേഗത്തിൽ പ്രചരിപ്പിക്കാൻ വേണ്ടിയായിരുന്നു ഇത്. 1957 ഡിസംബർ 27-ന് ആയിരുന്നു ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇത് വിളംബരം ചെയ്തത്. അതായത്, ഇന്ന് ഈ പദ്ധതിക്ക് 50 വർഷം പൂർത്തിയാകുന്നു. 51-ാം വർഷം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈ പദ്ധതി ഞാൻ പറഞ്ഞതുപോലെ തുടക്കത്തിൽ പാക്കിസ്ഥാനും ഇന്ത്യയ്ക്കും ബംഗ്ലാദേശിനും വേണ്ടിയായിരുന്നു. ഈ രാജ്യങ്ങളിലെ അഹ്മദികളായിരുന്നു അധികവും ഇതിൽ പങ്കെടുത്തിരുന്നത്. എന്നല്ല, ശരിയായ നിലയിൽ ഇതിൽ പങ്കെടുത്തിരുന്നത് പാക്കിസ്ഥാനി അഹ്മദികൾ മാത്രമായിരുന്നുവെന്ന് പറയണം. ഇതിന് ധനത്യാഗത്തിന്റെ ഒരു സാമ്പത്തികവശം കൂടിയുണ്ടായിരുന്നു. വഖ്ഫെ ജദീദിന്റെ പ്രവർത്തനത്തിനായി ഒരു വൻതുക പാക്കിസ്ഥാനി അഹ്മദികൾ തന്നെയായിരുന്നു കൊടുത്തിരുന്നത്. ഇപ്രകാരംതന്നെ ദീനിനുവേണ്ടി ജീവിതം സമർപ്പിച്ചവരും മുഅല്ലിമീംകളും അവരിൽനിന്നുള്ളവരായിരുന്നു. 1985-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ലോകം മുഴുവനുമുള്ള അഹ്മദികളോട്, പാക്കിസ്ഥാനിലേയും ബംഗ്ലാദേശിലേയും ഇന്ത്യയിലേയും അഹ്മദികൾ, ലോകത്ത് അഹ്മദിയ്യത്ത് പ്രചരിപ്പിക്കുന്നതിനുവേണ്ടി ധനവും ജീവനും സമയവും ത്യാഗം ചെയ്തിരുന്നുവെന്ന് പറയുകയുണ്ടായി. അവർ ത്യാഗം ചെയ്തുകൊണ്ടേയിരുന്നു. ഇപ്പോൾ പുറംദേശത്തുള്ള ജമാഅത്തുകളും പ്രത്യേകിച്ച് യൂറോപ്പിലേയും അമേരിക്കയിലേയും ജമാഅത്തുകൾ, ആ നന്മകൾ ഓർത്തുകൊണ്ട് പ്രബോധനപരവും ശിക്ഷണപരവുമായ പരിപാടികളിൽ അവരെ സഹായിക്കേണ്ടതാണ്. പ്രത്യേകിച്ച് ഇന്ത്യയിലെ ജമാഅത്തുകളെ സഹായിക്കേണ്ടതാണ്. കാരണം അവിടെ അംഗസംഖ്യ കുറവാണ്. അവരിലധികവും പാവപ്പെട്ടവരാണ്. ഇന്ത്യയിലെ പുതിയ ബയ്അത്തുകൾ കാരണം അംഗസംഖ്യയിൽ ഒരുപാട് വർദ്ധനയുണ്ടായിട്ടുണ്ട്. പക്ഷേ, അതിലും അധികവും സാധുക്കളാണ്. അവരുടെ ചന്ദ അവിടുത്തെ ചെലവുകൾ നോക്കുമ്പോൾ വളരെ കുറവാണ്. എന്തായാലും വഖ്ഫ് ജദീദിന്റെ ചന്ദാപദ്ധതി ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1985-ൽ ലോകത്ത് മുഴുവൻ നടപ്പിൽ വരുത്തുകയുണ്ടായി. യൂറോപ്പിലേയും അമേരിക്കയിലേയും വഖ്ഫ് ജദീദ് ചന്ദ അധികവും ഇന്ത്യയിലേയും ആഫ്രിക്കൻ രാജ്യങ്ങളിലേയും പ്രബോധനപരവും ശിക്ഷണപരവുമായ കാര്യങ്ങൾക്കായിട്ടാണ് ചെലവഴിക്കപ്പെടുന്നത്.

ചുരുക്കിപ്പറഞ്ഞാൽ ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പദ്ധതി ലോകം മുഴുവനും നടന്നുവരുന്നു. എല്ലാ രാജ്യത്തേയും അഹ്മദികൾ ഇതിൽ പങ്കെടുക്കുന്നു. അഹ്മദി അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹത്താൽ തങ്ങളുടെ കഴിവനുസരിച്ച്, ഞാൻ പറഞ്ഞതുപോലെ സാമ്പിത്തകാവശ്യം പൂർത്തിയാക്കുന്നതിനുവേണ്ടി ശ്രമിച്ചുവരുന്നു. 1957-ൽ ഈ സ്കീം തുടങ്ങിയപ്പോൾ, അതിന്റെ ആദ്യവർഷം 1958 ആയിരുന്നു. അതിനുശേഷം ഓരോ വർഷവും ഇതിന്റെ സാമ്പത്തികവശം പരിശോധിക്കാറുണ്ട്. ഇതിൽ പങ്കെടുക്കുന്നവർ ചെയ്യുന്ന ത്യാഗങ്ങൾ ജനുവരിയിൽ ജമാഅത്തിന്റെ മുമ്പിൽ സമർപ്പിക്കാറുമുണ്ട്. അങ്ങനെ നവവർഷത്തിന്റെ പ്രഖ്യാപനവും നടത്തുന്നു. ഇക്കാരണത്താൽ ഞാനും ഇന്ന് വഖ്ഫെ ജദീദിനെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. 2008-ലെ ആദ്യത്തെ ജുമുഅയാണിത്. ഇതിനോടൊപ്പം പുതുവർഷത്തിന്റെ വിളംബരവും ചെയ്യുകയാണ്. ഇതുസംബന്ധിച്ച് ചില കാര്യങ്ങൾകൂടി പറയുന്നതാണ്.

ഈ സ്കീം അധികവും പാക്കിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ സ്ഥലങ്ങളിലാണ് ആരംഭിച്ചത്. അവിടുത്തെ അഹ്മദികളായിരുന്നു ഖലീഫയുടെ സംബോധിതർ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) അതുകൊണ്ടാണ് പാക്കിസ്ഥാനിലെ അഹ്മദികുട്ടികളോടു പറഞ്ഞത്, നിങ്ങൾ വഖ്ഫ് ജദീദിന്റെ ഭാരം വഹിക്കുക എന്ന്. അഹ്മദികുട്ടികളും അരമുറുക്കി എഴുന്നേറ്റു നില്ക്കുമ്പോൾ വലിയ വലിയ വിപ്ലവങ്ങൾ ഉണ്ടാക്കുന്നതിൽ സഹായികളായിത്തീരുമെന്ന് നിങ്ങളുടെ വലിയവരോട് പറയുകയെന്ന് കുട്ടികളോട് പറയുകയുണ്ടായി. അങ്ങനെ അഹ്മദി ആൺകുട്ടികളും പെൺകുട്ടികളും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ചെയ്ത ആ വിളംബരത്തിനുശേഷം, പരസ്പരം മുന്നേറി ധനത്യാഗം ചെയ്യാൻ ശ്രദ്ധിച്ചു. അത്ഫാലും നാസിറാത്തും വഖ്ഫെ ജദീദിന്റെ ചന്ദ കൊടുക്കാൻ തുടങ്ങിയപ്പോൾ അതവരെ തിരിച്ചറിയുന്നതിനുള്ള അടയാളമായിത്തീർന്നു. കുട്ടികൾക്ക് വരുമാനമൊന്നും ഉണ്ടാകാറില്ല. അവർ തങ്ങൾക്കു ലഭിക്കുന്ന പോക്കറ്റ്മണിയിൽനിന്നാണ് ചന്ദ കൊടുക്കുന്നത്. അല്ലെങ്കിൽ ചില മാതാപിതാക്കൾ അവരുടെ പേരിൽ ചന്ദ കൊടുക്കുന്നു. എന്നാൽ, പാക്കിസ്ഥാനിലെ പ്രായപൂർത്തിയായവർ നല്കുന്ന ചന്ദയുടെ ഏകദേശം പകുതിയോളമാണ് അവിടുത്തെ കുട്ടികളുടെ ചന്ദ. ഇത് ആ കുട്ടികളുടെ ആവേശവും വികാരവുമാണ് പ്രകടിപ്പിക്കുന്നത്. ഇവിടെ വർദ്ധനയ്ക്ക് ഇനിയും ഒരുപാട് സാധ്യതയുണ്ടെന്ന് ഞാൻ കരുതുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇങ്ങനെ സാമ്പത്തികത്യാഗം ചെയ്യുന്ന ശീലം ചെറുപ്പം മുതലേ ഉണ്ടായിട്ടുള്ള കുട്ടികൾ, വരുംതലമുറയുടെ ത്യാഗത്തിന് ജാമ്യക്കാരായിത്തീരാറുണ്ട്. ഈ റൂഹ് നമ്മുടെ കുട്ടികളിൽ വർദ്ധിച്ചുകൊണ്ടേ പോകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇപ്പോൾ ഈ വഖ്ഫെ ജദീദ് പദ്ധതി മുഴുലോകത്തും നടപ്പിലായിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ കുട്ടികളും മാതാപിതാക്കളും ഈ ഭാഗത്തേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വഖ്ഫെ ജദീദ് സെക്രട്ടറിമാരും ജമാഅത്തിന്റെ വ്യവസ്ഥിതിയും, നാസിറാത്ത്– അത്ഫാൽ തുടങ്ങിയ കീഴ്ഘടകങ്ങളും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. അതായത് വഖ്ഫെ ജദീദിന്റെ ചന്ദയിൽ അധികം കുട്ടികളെ ഉൾപ്പെടുത്താൻ പരിശ്രമിക്കേണ്ടതാണ്.

കുട്ടികൾക്ക് ഈ ചന്ദയെക്കുറിച്ച് ബോധവല്ക്കരണം നടത്തുക. ത്യാഗത്തിന്റെ ആത്മാവ് അവരിൽ സൃഷ്ടിക്കുക. ഭൗതികത തിമിർത്താടുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾ ഇപ്രകാരം ത്യാഗം വരിക്കാൻ തയ്യാറാകുകയും ഇങ്ങനെ ത്യാഗം ചെയ്തുകൊണ്ട് പറക്കമുറ്റുകയും ചെയ്താൽ അവർ ജമാഅത്തിന്റെ നല്ല വ്യക്തിത്വമായിത്തീരുമെന്നു മാത്രമല്ല, തങ്ങളുടെ പ്രകാശമയമായ ഭാവിക്കും ജാമ്യക്കാരായിത്തീരും. കളിതമാശകളിൽനിന്ന് രക്ഷപ്പെട്ടും, വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് അകന്നും കൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായിത്തീരുന്നതാണ്. അതിനാൽ, വിപ്ലവമുണ്ടാകുന്നത് ത്യാഗങ്ങളിലൂടെ മാത്രമാണെന്ന് വലിയവരും കുട്ടികളും സ്ത്രീകളും പുരുഷന്മാരും എപ്പോഴും ഓർക്കുക. ഇക്കാലഘട്ടത്തിൽ നാലുഭാഗത്തും ഇഹഭോഗതൽപരത തിമിർത്താടുകയാണ്. മനപരിവർത്തനത്തിന് ധനത്യാഗം ഒരു വലിയ മാർഗ്ഗമാണ്. കുട്ടികൾക്കും വലിയവർക്കും ആഗ്രഹങ്ങളുണ്ട്. പക്ഷേ, സ്വന്തം ആഗ്രഹങ്ങൾ അമർത്തിക്കൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടിയുള്ള ധനത്യാഗം ഇക്കാലഘട്ടത്തിൽ വളരെ വലിയ ജിഹാദാണ്. ഭൗതികാഗ്രഹങ്ങൾ പൂർത്തിയാക്കാൻ ധനം ചെലവഴിക്കുക എന്നത് പ്രയാസമുള്ള കാര്യമല്ല. എന്നാൽ, മതപരമായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ധനപരമായ ത്യാഗം ചെയ്യൽ തീർച്ചയായും ഒരു ജിഹാദാണ്.

മറ്റൊരു കാര്യം പുതിയതായി ബയ്അത്ത് ചെയ്തു വന്നവരോടും, നവഅഹ്മദികളുടെ മേൽനോട്ടക്കാരോടും ഞാൻ പറയാനാഗ്രഹിക്കുകയാണ്. നവഅഹ്മദികളുടെ ജമാഅത്തുമായിട്ടുള്ള ബന്ധം ശക്തിപ്രാപിക്കുന്നത്, അവർ ധനപരമായ ത്യാഗത്തിൽ പങ്കെടുക്കുമ്പോഴാണ്. അല്ലാഹുവിന്റെ പ്രീതി കിട്ടാനുള്ള ഒരു മാർഗ്ഗം ധനപരമായ ത്യാഗവും കൂടിയാണെന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കുമ്പോഴാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടുള്ള നവഅഹ്മദികൾ, ജമാഅത്തുമായിട്ടുള്ള ബന്ധത്തിലും നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹത്തിലും ആത്മാർത്ഥതയിലും ലയിച്ചുചേർന്നവരാണ്. ചില നവഅഹ്മദികൾ ത്യാഗങ്ങളുടെ ഒന്നാമത്തെ നിലയിലെത്തിയിട്ടുണ്ടെങ്കിലും, അവർ എഴുതുന്നത് അഹോ കഷ്ടം! ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്നാണ്. തങ്ങൾ താമസിച്ചാണ് ഇതിൽ ചേർന്നതെന്നുള്ള ബോധം അവർക്കുണ്ട്. അതുകൊണ്ട് ത്യാഗങ്ങൾ വരിച്ച് ആദ്യം വന്നവരുടെ സാമീപ്യം പ്രാപിക്കാൻ ചാടിക്കടന്ന് അവർ മുന്നോട്ടു പോകുന്നു.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയ മുത്തും പവിഴവുമാണ് ഇവർ. അവൻ ഇപ്പോഴും അത് നല്കിക്കൊണ്ടിരിക്കുന്നു. ഇവരുടെ ദുഃഖം ഭൗതികാഗ്രഹങ്ങൾക്കു വേണ്ടിയല്ല. മറിച്ച്, ത്യാഗങ്ങളിൽ മുൻകടക്കാൻ വേണ്ടിയാണ്. ഈ നിലയിലേക്ക് ഉയരുന്ന ജനതയെ, അടിച്ചമർത്താൻ ആർക്കും സാധിക്കുകയില്ല; അല്ലാഹുവിന്റെ വാഗ്ദാനം അതിനോടൊപ്പം ഉള്ളപ്പോൾ പറയുകയും വേണ്ട. 'ഞാൻ നിന്നോടൊപ്പവും നിന്റെ പ്രിയപ്പെട്ടവരോടൊപ്പവുമാണ്' എന്ന് അല്ലാഹു പറയുന്ന

സ്ഥിതിക്ക് പ്രത്യേകിച്ചും. അതുകൊണ്ട് പുതിയ അഹ്മദിയാണെങ്കിലും പഴയ അഹ്മദിയാണെങ്കിലും ദുർബലനാണെങ്കിൽ, ശിക്ഷണപരമായ കുറവ് കാരണത്താൽ മറന്നതോ, ത്യാഗങ്ങളുടെ പ്രാധാന്യം അറിയാത്തതോകൊണ്ട് ബലഹീനനാണെങ്കിൽ, തുടർച്ചയായ പരിശ്രമവും കഠിനമായ യത്നവും അവർക്ക് അല്ലാഹുവിന്റെ പ്രീതിയുടെ സ്ഥാനം നല്കുമെന്ന് ഓർമ്മിച്ചുകൊള്ളട്ടെ. ഈ പ്രധാനപ്പെട്ട ദൗത്യം നിർവഹിക്കുന്നതിനുള്ള നിർബന്ധമായ കടമകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കേണ്ടത് ഓരോ അഹ്മദിയുടെയും ബാധ്യതയാണ്. അതിനോടൊപ്പം സംഘാടകരുടേയും നിർബന്ധകടമയാണിത്. ജമാഅത്തിലെ അംഗങ്ങൾക്കും പുതിയ അഹ്മദികൾക്കും ഇതിന്റെ പ്രാധാന്യം പറഞ്ഞുകൊടുക്കുക. ജമാഅത്ത് ഭാരവാഹികളുടെ ത്യാഗത്തിന്റെ നിലവാരം ഉയരാത്തിടത്തോളം, അവരുടെ ഉപദേശത്തിന് ഒരു ഫലവുമുണ്ടാകുകയില്ല. ഭാരവാഹികൾ തങ്ങളെ ഏല്പിച്ചിരിക്കുന്ന സൂക്ഷിപ്പുമുതലിനോടുള്ള കടമകൾ നിറവേറ്റുന്നവരാണെങ്കിൽ, അവിടുത്തെ റിപ്പോർട്ട് അത് വിളിച്ചുപറയും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ദീനീസേവനത്തിനിടയിൽ തങ്ങളുടേതായ കാര്യങ്ങളെല്ലാം മറന്നുപോകുന്നവരായ ഉദ്യോഗസ്ഥരും ജമാഅത്തിലുണ്ട്. ഭാര്യയേയും മക്കളേയുംപോലും അവർ മറന്നുപോകുന്നു. സ്വന്തം കടമപോലും അവർ മറന്നുപോകുന്നു. രാവിലെ തന്റെ ജോലിക്കായി പോകുന്നു. അവിടെനിന്ന് വൈകുന്നേരം നേരെ എത്തുന്നത് ജമാഅത്തിന്റെ പ്രവൃത്തികൾക്കായിട്ടാണ്. നിങ്ങളുടെ ഭാര്യയ്ക്കും മക്കൾക്കും നിങ്ങളിൽ അവകാശമുണ്ടെന്ന് അവരോട് പറയേണ്ടതായി വരുന്നു. ഇങ്ങനെ ഒത്തിരി അധ്വാനിക്കുന്നവരുണ്ട്. എന്നാൽ, ചിലർ അധ്വാനിക്കുന്നുണ്ടെങ്കിലും ശരിയായ നിലയിലേക്ക് അത് ഉയരാറില്ല. ഉദാഹരണത്തിന് ചന്ദ. ബജറ്റ് പൂർത്തിയാക്കുന്നതിനുവേണ്ടി ചന്ദ കൊടുത്തുകൊണ്ടിരിക്കുന്നവരോടുതന്നെ വീണ്ടും വീണ്ടും പറയേണ്ടതായി വരുന്നു. പുതിയതായി ആളുകളെ ഇതിൽ ഉൾപ്പെടുത്താൻ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. അംഗസംഖ്യ വർദ്ധിപ്പിക്കാൻ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഓരോരുത്തരിലും ത്യാഗത്തിന്റെ ആത്മാവ് സൃഷ്ടിക്കാനും ഉപദേശിക്കുന്നു. തർബിയ്യത്ത് വകുപ്പും ധനകാര്യവകുപ്പും വഖ്ഫെ ജദീദും തഹ്രീകെ ജദീദും സംഘടിച്ചു പരിശ്രമിക്കുകയാണെങ്കിൽ ബലഹീനരായ വരേയും കൂടെ ചേർക്കാൻ കഴിയും. തുടക്കത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകും. പക്ഷേ, പ്രാർത്ഥനയും സഹനവും കൊണ്ട് ഈ വിഷമങ്ങളും ബുദ്ധിമുട്ടുകളും അകന്നുപോകുന്നതാണ്. ഇൻശാഅല്ലാഹ്. ജമാഅത്തംഗങ്ങൾ പൂർണ്ണമായും സഹകരിക്കുന്നില്ലെന്നും പരിപാടികളിൽ പങ്കെടുക്കുന്നില്ലെന്നും ചിലർ എഴുതാറുണ്ട്. അവസരം കിട്ടിയാൽ എന്നോട് നേരിട്ട് പറയാറുമുണ്ട്. ഞാനവരോട് എപ്പോഴും പറയാറുള്ളത്, നിരന്തരം പ്രാർത്ഥനയും ശ്രമവുംകൊണ്ട് മുന്നോട്ടു പോകുക എന്നാണ്. ബലഹീനരാണെങ്കിലും അഹ്മദികളായി നിലകൊള്ളുന്നത്, എന്തെങ്കിലും രീതിയിലുള്ള നന്മ അവരിൽ കുടികൊള്ളുന്നതുകൊണ്ടാണ്.

ദുർബലരെ ഒപ്പം മുന്നോട്ടു കൊണ്ടുപോകുക എന്നതും അല്ലാഹുവിന്റെ കല്പനയാണ്. അതുകൊണ്ട് നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്.

നമ്മൾ ഖിലാഫത്തിന്റെ പുതിയ നൂറ്റാണ്ടിലേക്ക് കുറച്ചു മാസത്തിനുള്ളിൽ പ്രവേശിക്കാൻ പോകുന്നവരാണ്. ജമാഅത്തിന്റെ വ്യവസ്ഥിതിയും ശാഖാസംഘടനകളും വിവിധ രാജ്യങ്ങളിലും നഗരങ്ങളിലും സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു. ത്യാഗങ്ങളുടെ എല്ലാത്തരം നിലവാരവും ഉയരുംവിധമുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള ഉത്സാഹം ഓരോരുത്തരിലും ഉണ്ടാകുംവിധം പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. പഴയതും പുതിയതുമായ എല്ലാ അഹ്മദികളും ആത്മപരിശോധന നടത്തുക; അല്ലാഹുവിന്റെ മുമ്പിൽ ഏറ്റവും ഉന്നതമായ സമ്മാനം സമർപ്പിക്കാനാണോ പോകുന്നതെന്ന് നോക്കുക.

പ്രബോധനപരവും ശിക്ഷണപരവും ധനത്യാഗപരവുമായ കാര്യങ്ങൾ ഉൾക്കൊള്ളുന്ന പരിപാടികൾ നല്കിയിട്ടുള്ള, ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ അവസാനത്തെ പദ്ധതിയാണ്, വഖ്ഫെ ജദീദ് പദ്ധതി. ഞാൻ പറഞ്ഞതുപോലെ, ഈ പദ്ധതിയും അതിന്റെ 50 വർഷം പൂർത്തിയാക്കി 51-ാം വർഷത്തിലേക്ക് കടക്കുകയാണ്. ഖിലാഫത്തിന്റെ ആദ്യനൂറ്റാണ്ടിലെ പ്രത്യേക പദ്ധതിയായ വഖ്ഫെ ജദീദിനെക്കുറിച്ച് വർഷത്തിന്റെ അവസാനത്തിൽ ഹ്രസ്വമായ റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് പുതിയവർഷം വിളംബരം ചെയ്യപ്പെടുകയാണ്. വഖ്ഫെ ജദീദിന്റേയും തഹ്രീകെ ജദീദിന്റേയും കാര്യങ്ങളാണ് ഇങ്ങനെ വിളംബരം ചെയ്യുന്നത്. മറ്റു പദ്ധതികളുമുണ്ട്. പക്ഷേ, വർഷാവസാനം അവയുടെയൊന്നും വിളംബരം ചെയ്യാറില്ല. ഖിലാഫത്തിന്റെ ആദ്യത്തെ നൂറ്റാണ്ടിലെ അവസാനത്തെ പദ്ധതിയാണ് ഞാൻ ഇന്ന് വിളംബരം ചെയ്യാൻ പോകുന്നത്. അതായത്, ഖിലാഫത്തിന്റെ ആദ്യനൂറ്റാണ്ടിന്റെ സമാപനവും ഈ ദൈവികപദ്ധതിയിലൂടെ നിർവ്വഹിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലും വഖ്ഫെ ജദീദിന് പ്രാധാന്യമുണ്ട്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 13, 14 വർഷം മുമ്പേ, വഖ്ഫെ ജദീദിന്റെ വിളംബരം നടത്തിക്കൊണ്ട് മൊറേഷ്യസുകാരനായ നമ്മുടെ ഒരു വഖ്ഫെ സിന്ദഗീ കണ്ട സ്വപ്നത്തെക്കുറിച്ച് പറഞ്ഞിരുന്നു. ജമാഅത്ത് ഒരു മേശയുടെ രൂപത്തിലാണ്

അദ്ദേഹം കണ്ടത്. അതിന് നാല് കാലുണ്ട്. അതിന്റെ ഒരു കാല് വളരാൻ തുടങ്ങി. ഇത് വഖ്ഫെ ജദീദിന്റെ കാലാണ്. ഇതുമുഖേന സന്തുലനാവസ്ഥ തെറ്റി. അപ്പോൾ അതിന്റെ ബാലൻസ് പിടിച്ചുനിറുത്തുന്നതിനുവേണ്ടി തഹ്‌രീകെ ജദീദിന്റെ കാല് വളരാൻ തുടങ്ങുന്നു. പക്ഷേ, അതിന് വഖ്ഫെ ജദീദിന്റെ കാലിനോടൊപ്പം നില്ക്കാൻ കഴിയുന്നില്ല. അത് ദ്രുതഗതിയിലാണ് വളരുന്നത്. പിന്നീട് തഹ്‌രീകെ ജദീദിന്റെ കാലിന് നാവ് ലഭിക്കുന്നു. അത് വഖ്ഫെ ജദീദിന്റെ കാലിനോട്, നിന്റെ വളർച്ചയുടെ ഗതി കുറയ്ക്കാൻ പറയുന്നു; ഞാനും നിന്നോടൊപ്പം വരുന്നതിനുവേണ്ടി. അപ്പോൾ വഖ്ഫെ ജദീദിന്റെ കാല് പറയുന്നു: "എനിക്ക് എന്റെ വേഗം കുറയ്ക്കാൻ സാധിക്കുകയില്ല. ഞാൻ നിർബന്ധിതനാണ്. കാരണം ഈ വേഗത്തിൽ എനിക്ക് വളരേണ്ടതുണ്ട്." ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇതിനെക്കുറിച്ച് പറഞ്ഞു: ഒന്ന് ധനത്യാഗത്തിന്റെ വേഗമാണ്. മറ്റൊന്ന് വ്യാഖ്യാനിച്ചത് ഇങ്ങനെയാണ്. എന്നല്ല ഈ വ്യാഖ്യാനം സത്യമായിപുലരാൻ പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. 'വഖ്ഫെ ജദീദിനു കീഴിൽ ഈ മൂന്നു രാഷ്ട്രങ്ങളും പ്രത്യേകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവിടങ്ങളിൽ വിപ്ലവകരമായ മാറ്റം ഉണ്ടാകും. ജമാഅത്ത് അഭിവൃദ്ധിപ്പെടും.' ഈ എല്ലാ കാര്യങ്ങളുടെയും പ്രാധാന്യം മുന്നിൽ കണ്ടുകൊണ്ട് ഞാനും ആ ജമാഅത്തുകളോട് പറയാനാഗ്രഹിക്കുകയാണ്, അവസ്ഥകൾ എത്ര വേഗത്തിലാണോ മാറിക്കൊണ്ടിരിക്കുന്നത്, അതനുസരിച്ച് ഈ രാജ്യങ്ങൾ തങ്ങളുടെ തബ്‌ലീഗിന്റെയും തർബിയ്യത്തിന്റെയും പ്രവർത്തനവും പ്രത്യേകമായ നിലയിൽ മനസ്സിലാക്കുക. ഈ വേഗത്തിന് ആക്കം കൂട്ടാൻ പരിശ്രമിക്കുക. അല്ലാഹുവിന്റെ സഹായവും അതിനോടൊപ്പം നമ്മുടെ ദുആയും ഉണ്ടെങ്കിൽ ആർക്കും ഈ വേഗത്തെ തടയാൻ സാധിക്കുകയില്ല. ഇതു വളരേണ്ടതുതന്നെയാണ്. അതുകൊണ്ട് മുന്നോട്ടു കുതിക്കുക. ധനത്യാഗങ്ങളിൽ മാതൃക സ്ഥാപിക്കുന്നതിനോടൊപ്പം ഗ്രാമങ്ങളിൽ പ്രബോധനപരവും ശിക്ഷണപരവുമായ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക. മൂന്നു രാജ്യങ്ങളിലും ആഫ്രിക്കയിലും വഖ്ഫെ ജദീദിനു കീഴിൽ പ്രത്യേകമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പ്രസ്തുത സ്വപ്നത്തിന് പറഞ്ഞ വ്യാഖ്യാനം, ഇന്ന് നാം പുലർന്നുകാണുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ധനത്യാഗത്തിന് ഇതിൽ പ്രധാന പങ്കുണ്ട്. കാരണം പ്രവർത്തനം കൂടുമ്പോൾ ധനവും ആവശ്യമായിവരും. അതിനാൽ എല്ലാ രാജ്യങ്ങളും ഇതിൽ സഹായിക്കുക. കുട്ടികളുടെ ശിക്ഷണത്തിന്നായി ഞാൻ പറഞ്ഞതുപോലെ, കുട്ടികൾക്ക് പ്രത്യേകമായി കാര്യങ്ങൾ പറഞ്ഞുകൊടുക്കുക. അല്ലാഹുവിന്റെ പ്രത്യേകമായ സഹായത്താൽ വരാൻ പോകുന്ന ഈ വിപ്ലവത്തിൽ തങ്ങൾക്കും പങ്കുണ്ടെന്ന ബോധം അവർക്കും ഉണ്ടാകണം. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള അഹ്മദികളേയും പ്രത്യേകമായനിലയിൽ വഖ്ഫെ ജദീദിൽ പങ്കെടുപ്പിക്കുക. ബന്ധം അറ്റുപോയ നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിക്കാൻ ഞാൻ പറഞ്ഞിരുന്നു. ചില രാജ്യങ്ങൾ ഇതിൽ വളരെ നല്ലനിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഈ ബന്ധം പുനഃസ്ഥാപിക്കുന്നതിനും ധനത്യാഗത്തിന്റെ ആവശ്യമുണ്ട്. ബന്ധം പുനഃസ്ഥാപിക്കുന്നവരിലും ധനത്യാഗത്തിന്റെ ശീലമുണ്ടാക്കിത്തീർക്കുക. ഇതിനുവേണ്ടി അവരെ വഖ്ഫെ ജദീദിൽ പങ്കെടുപ്പിക്കുക. ദരിദ്രരാണെങ്കിൽ, ടോക്കൺ എന്നനിലയിൽ അവരിൽനിന്ന് നിസ്സാരമായ ചന്ദ വാങ്ങുക. എന്തായാലും ധനത്യാഗത്തിന് പങ്കാളികളാവേണ്ടതാണ്. ധനത്യാഗത്തിന്റെ ശീലമുണ്ടായാൽ, അത് തഖ്‌വയിൽ അഭിവൃദ്ധിപ്പെടാനുള്ള കാരണവുമാകും. അല്ലാഹു തഖ്‌വയിൽ വളരുന്നവർക്കുവേണ്ടി ആരാധനാകർമ്മങ്ങളോടൊപ്പം ത്യാഗത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഇതിൽ ധനത്യാഗവും പെടുന്നു.

മനസ്സിന്റെ പരിശുദ്ധിക്കും തഖ്‌വയിൽ വളരുന്നതിനും ധനത്യാഗവും വളരെ അത്യാവശ്യമായ കാര്യമാണ്. അതിനാൽ പ്രാർത്ഥനകളും ത്യാഗങ്ങളും കൊണ്ട് തഖ്‌വയിൽ അഭിവൃദ്ധിപ്പെടുക. ഖിലാഫത്തിന്റെ പുതിയ നൂറ്റാണ്ടിനെ സ്വാഗതം ചെയ്യുക. അതിൽ പ്രവേശിക്കുക. ഈ ത്യാഗങ്ങളുടെ ശീലവും, ഈ ഉണർവ്വും കുട്ടികളിലും പുതിയതായി വരുന്നവരിലും പതിക്കുകയും ത്യാഗങ്ങളിലും തഖ്‌വയിലും അഭിവൃദ്ധിപ്പെടണമെന്നുള്ള ബോധം എല്ലാ അഹ്മദികളിലും ഉണ്ടാകുകയും വേണം. അത് വിപ്ലവത്തിൽ എല്ലാവരേയും പങ്കാളികളാക്കും. അത് സുവാർത്ത നൽകുകയും അഭിവൃദ്ധി കാണിക്കുകയും ചെയ്യുന്നതോടൊപ്പം (ഇൻശാഅല്ലാഹ്) കൂട്ടംകൂട്ടമായി വരുന്നവരോട് ത്യാഗങ്ങളുടെ പ്രാധാന്യം പറയുകയും ധനത്യാഗത്തിൽ പങ്കെടുക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. ഇങ്ങനെ അല്ലാഹുവിനുവേണ്ടി മാത്രം ഈ ആരാധനകളുടേയും ത്യാഗങ്ങളുടേയും ഉന്നതമായ നിലവാരം കരസ്ഥമാക്കാൻ ശ്രമമുണ്ടാകുമ്പോൾ ഇക്കാര്യംതന്നെയാണ് അല്ലാഹുവിന്റെ തൗഹീദ് സ്ഥാപിതമാകാൻ കാരണമായിത്തീരുന്നത്. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായതിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നതാണ്. അത് നബി(സ) തിരുമേനിയുടെ പതാക മുഴുലോകത്തും നാട്ടുന്നതിന് കാരണമായിത്തീരുകയും ചെയ്യും. ഈ വികാരത്തോടുകൂടി ആത്മപരിശോധന നടത്തുക. കുട്ടികളേയും പുതിയതായി ബയ്അത്ത് ചെയ്തവരേയും വഖ്ഫെ ജദീദിൽ പങ്കെടുപ്പിക്കാനും ശ്രമിക്കുക. ഞാൻ പറഞ്ഞ ഉദ്ദേശ്യം കരസ്ഥമാക്കിക്കൊണ്ട് നാം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായിത്തീരു

ന്നതിനു വേണ്ടിയാണിത്.

ഇനി ഞാൻ നമ്മുടെ സമ്പ്രദായമനുസരിച്ച് വഖ്ഫെ ജദീദിന്റെ കണക്കുകളേയും റിപ്പോർട്ടുകളേയും കുറിച്ച് പറയാം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൊത്തമായ നിലയിൽ വഖ്ഫെ ജദീദിന്റെ വരുമാനം 24, 27000 പൗണ്ടാണ്. ഈ പിരിഞ്ഞുകിട്ടിയ തുക കഴിഞ്ഞവർഷ ത്തേക്കാൾ രണ്ട് ലക്ഷം പൗണ്ട് അധികമാണ്. വഖ്ഫെ ജദീദിന്റെ കാല് ഉയർന്നതിന്റെ ബാഹ്യമായ രൂപം നമുക്കിതിൽ കാണാൻ കഴിയും. ഒക്ടോബറിൽ ഞാൻ തഹ്രീകെ ജദീദിന്റെ പുതുവർഷം വിളംബരംചെയ്തപ്പോൾ മുൻവർഷത്തേക്കാൾ ഒരു ലക്ഷത്തി പത്തായിരം പൗണ്ടായിരുന്നു അധികമായി പിരിഞ്ഞുകിട്ടിയിരുന്നത്. അതായത് തഹ്രീകെ ജദീദിനേക്കാൾ വഖ്ഫെ ജദീദിന്റെ വർദ്ധിച്ച തുക ഏകദേശം ഇരട്ടിവരും. ത്യാഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന പത്ത് ജമാഅത്തുകളിൽ പാക്കിസ്ഥാനാണ് ഒന്നാം സ്ഥാനത്ത്. മറ്റു സ്ഥാനത്തിന് അർഹരായവർ അമേരിക്ക, ബ്രിട്ടൻ, ജർമ്മനി, കാനഡ, ഇന്ത്യ, ഇന്തോനേഷ്യ, ബൽജിയം, ആസ്ത്രേലിയ, ഫ്രാൻസ് എന്നീ ജമാഅത്തുകളാണ്.

പാക്കിസ്ഥാനിലെ അവസ്ഥകളെക്കുറിച്ച് ഒരു പത്രത്തിൽ റിപ്പോർട്ട് വന്നിരുന്നു. അതിൽ 2007 പാക്കിസ്ഥാന്റെ ചരിത്രത്തിൽ ഏറ്റവും മോശപ്പെട്ട വർഷമാണെന്ന് പ്രസ്താവിച്ചിരുന്നു. വിവിധ കണക്കുകളും അതിൽ പരാമർശിച്ചിരുന്നു. ദാരിദ്ര്യം അതിന്റെ പാരമ്യതയിലെത്തി. വ്യാവസായികമായും മറ്റു നിലകളിലും വളരെ പിന്നിലായിരുന്നു പാക്കിസ്ഥാൻ. പക്ഷേ, പാക്കിസ്ഥാനി അഹ്മദികളുടെ ത്യാഗങ്ങളുടെ നിലവാരത്തിന് ഇടിവ് സംഭവിച്ചില്ല. എന്നല്ല, മുമ്പത്തേക്കാൾ കൂടുതൽ വർദ്ധനവാണുണ്ടായത്. ഡിസംബറിലുണ്ടായ അവസ്ഥയെക്കുറിച്ച് ഞാൻ ചിന്തിക്കാതെയിരുന്നില്ല. കറാച്ചിയുടെ അവസ്ഥയും വളരെ മോശമായിരുന്നു. അതുകൊണ്ടുതന്നെ പാക്കിസ്ഥാന് ഈ വർഷം സ്ഥാനം ലഭിക്കുമോ എന്ന് ശങ്കിച്ചിരുന്നു. അല്ലെങ്കിൽ പിരിഞ്ഞുകിട്ടുന്ന തുക കുറവായിരിക്കുമോ എന്ന് തോന്നിയിരുന്നു. പക്ഷേ, 'താൻ വർദ്ധിപ്പിക്കാനുദ്ദേശിച്ചാൽ മലക്കുകൾ മുഖേന സഹായിക്കുന്നവനാണ്' എന്ന് അല്ലാഹു പറഞ്ഞുതന്നു. പാക്കിസ്ഥാനിലെ നിത്യേനയുള്ള സംഭവങ്ങൾ കണ്ട് ഇങ്ങനെ തോന്നിയതിൽ എനിക്ക് ലജ്ജ തോന്നുന്നു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ. ഇവരാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ട ആളുകൾ. ഏതവസ്ഥയിലും തങ്ങളുടെ ത്യാഗങ്ങളുടെ നിലവാരം ഇടിയാൻ അവർ അനുവദിക്കുകയില്ല.

ശരാശരി കണക്കനുസരിച്ച് നോക്കുമ്പോൾ അമേരിക്കയാണ് ഒന്നാം സ്ഥാനത്ത്. അവിടുത്തെ ഒരു വ്യക്തി കൊടുക്കുന്ന ശരാശരി ചന്ദ 65 പൗണ്ടാണ്. ബ്രിട്ടൻ രണ്ടാംസ്ഥാനത്ത്. ശരാശരി 34 പൗണ്ട്. ഫ്രാൻസ് മൂന്നാം സ്ഥാനത്ത്. ശരാശരി 21 പൗണ്ട്. കാനഡ നാലാം സ്ഥാനത്ത് ശരാശരി 21 പൗണ്ട്. ബെൽജിയം ശരാശരി 18 പൗണ്ട്. ആഫ്രിക്കൻ ജമാഅത്തുകളിൽ ആദ്യത്തെ അഞ്ച് സ്ഥാനത്ത് നിൽക്കുന്നത് ഘാനയും, നൈജീരിയയും, ബെനിനും, ബുർക്കിനാഫാസോയും, താൻസാനിയയുമാണ്. ഘാന ധനത്യാഗത്തിൽ അല്പം മടികാണിച്ചിരുന്നു. അല്ലാഹുവിന് നന്ദി. ഞാൻ പറഞ്ഞതിനു ശേഷം ഇപ്പോൾ അവിടെ ഉത്സാഹം ഉണ്ടായിട്ടുണ്ട്.

ആഫ്രിക്കക്കാരിൽ പൊതുവെ ത്യാഗമനോഭാവം അധികമുള്ളതായി എനിക്കറിയാം. ഘാനയിൽ താമസിച്ചിരുന്ന കാലത്ത് അത് ഞാൻ നേരിട്ട് മനസ്സിലാക്കിയിട്ടുള്ളതാണ്. അവരുടെ ധനത്യാഗം കാണുമ്പോൾ അത്ഭുതം തോന്നിപ്പോകും. എവിടെയെങ്കിലും ത്യാഗത്തിൽ കുറവോ മടിയോ ഉണ്ടായിട്ടുണ്ടെങ്കിൽ സാധാരണക്കാരായ അഹ്മദികളിലല്ല, മറിച്ച് സംഘാടകരിലും ഉദ്യോഗസ്ഥരിലും ജമാഅത്തിന്റെ ഭാരവാഹികളിലുമാണ്. അവർ തങ്ങളെ നല്ലനിലയിലാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്. തങ്ങളുടെ ആളുകളെ ത്യാഗത്തിന്റെ നല്ല നിലവാരം കരസ്ഥമാക്കുന്നതിൽനിന്ന് തടയാതിരിക്കുക.

വഖ്ഫെ ജദീദിൽ ചന്ദ കൊടുക്കുന്നവരുടെ അംഗസംഖ്യ അഞ്ച് ലക്ഷത്തി പത്തായിരമാണ്. ഇതിൽ ഇനിയും ഒരുപാട് സാധ്യതകളുണ്ട്. കഴിഞ്ഞവർഷം അഞ്ച് ലക്ഷം പൂർത്തിയാക്കാൻ ഇന്ത്യയ്ക്ക് ഞാൻ ടാർഗറ്റ് നല്കിയിരുന്നു. അതിപ്പോൾ ഒന്നേകാൽ ലക്ഷമായിട്ടുണ്ട്. അവർ ഇത് വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

ഇംഗ്ലണ്ടിലെ ജമാഅത്തുകളിൽ ശരാശരി ചന്ദയുടെ അടിസ്ഥാനത്തിൽ ലണ്ടൻ മസ്ജിദ്- ബയ്ത്തുൽ ഫള്ലാണെന്ന് ഞാൻ കരുതുന്നു- ഒന്നാം സ്ഥാനത്താണ്. സൗത്ത് ഈസ്റ്റ് ലണ്ടൻ രണ്ടാം സ്ഥാനത്തും ന്യൂമോർഡൻ മൂന്നാംസ്ഥാനത്തുമുണ്ട്.

അമേരിക്കയിൽ പിരിഞ്ഞുകിട്ടിയ ചന്ദയുടെ അടിസ്ഥാനത്തിൽ സിലിക്കോൺവാലി, ലോസ്ആഞ്ചലസ് ഈസ്റ്റ്, ശിക്കാഗോവെസ്റ്റ്, ഡെട്രോയിഡ്, ലോസ്ആഞ്ചലസ് വെസ്റ്റ് എന്നിവ ഒന്നു മുതൽ അഞ്ചുവരെയുള്ള സ്ഥാനത്ത് നില്ക്കുന്നു.

ജർമ്മനിയിൽ ഹംബർഗ്, ഗ്രാസ്ഗ്രോവ്, ഫ്രാൻക് ഫർട്ട്, മാൻഹുയ്സ്വാദൻ, ഡാംസ്റ്റർഡ് എന്നിവ ഒന്നു മുതൽ അഞ്ച് വരെയുള്ള സ്ഥാനം കരസ്ഥമാക്കി.

പാക്കിസ്ഥാനിൽ കുട്ടികളുടേയും പ്രായപൂർത്തിയായവരുടേയും കണക്കുകൾ വെവ്വേറെയാണ്. അത്ഫാലും നാസ്വിറാത്തും ഇതിൽപെടുന്നു. പ്രായപൂർത്തിയായവരിൽ ഒന്നാം സ്ഥാനം ലാഹോർ, രണ്ടാം സ്ഥാനം കറാച്ചി, മൂന്നാം സ്ഥാനം റബ്വ. ജില്ലകളിൽ ഒന്നാം സ്ഥാനം സിയാൽക്കോട്ട്, രണ്ട് റാവൽപിണ്ടി, മൂന്ന് ഇസ്ലാമാ

ബാദ്, നാല് ഫൈസലാബാദ്, അഞ്ച് ശേഖ്പുര, ആറ് ഗുജ്റൻവാല, ഏഴ് മിർപൂർഖാസ്, എട്ട് സർഗോദ, ഒമ്പത് മുൾത്വാൻ, പത്ത് ഗുജറാത്ത്. അത്ഫാലിലും ഇതേ ക്രമം തന്നെയാണ്. അതായത്, ഒന്നും രണ്ടും മൂന്നും സ്ഥാനം ലാഹോർ, കറാച്ചി, റബ്വ.

ജില്ലകളിലും ഏകദേശം ഇതുപോലെതന്നെയാണു ള്ളത്. പ്രായപൂർത്തിയായവരിൽ ഒമ്പതാം സ്ഥാനത്ത് മുൾത്വാൻ ആയിരുന്നു. ഇവിടെ ഒമ്പതാം സ്ഥാനത്ത് നാരോവാൾ ആണ്. ഒന്ന് ഇസ്ലാമാബാദ്, രണ്ട് സിയാൽക്കോട്ട്, മൂന്ന് ഗുജ്റൻവാല, നാല് ശേഖ്പുര, അഞ്ച് ഫൈസലാബാദ്, ആറ് റാവൽപിണ്ടി, ഏഴ് മീർപൂർ ഖാസ്, എട്ട് സർഗോദ, ഒമ്പത് നാരോവാൾ, പത്ത് ഹൈദരാബാദ്.

അല്ലാഹുതആല ഈ ആത്മാർത്ഥരും ധനത്യാഗം ചെയ്തവരുമായ എല്ലാവർക്കും അതിരറ്റ പ്രതിഫലം നല്കുമാറാകട്ടെ. ഇവരുടെ ജീവനിലും സ്വത്തിലും അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ത്യാഗങ്ങൾ ചെയ്യുന്നവർ അതിൽ മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ആരെയോക്കുറിച്ച്, അതായത് ത്യാഗങ്ങളിൽ വളരെയധികം മുന്നോട്ടുകുതിച്ചുകൊണ്ടിരിക്കുന്നവരുടെ ആത്മാർത്ഥത കാണുമ്പോൾ ഭയം തോന്നുന്നു എന്നു പറയാറുണ്ടായിരുന്നു. ഈ ആത്മാർത്ഥതയിൽ മുന്നോട്ടുകുതിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്ത് എല്ലാ രാജ്യങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇവരുടെ ആത്മർത്ഥത കാണുമ്പോൾ, ആത്മാർത്ഥത കാരണത്താൽ സ്വന്തം ആത്മാവിനോട് അക്രമം കാണിക്കുന്നവരായി തീരുമോ എന്ന ഭയമുണ്ടാകുന്നു. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. തന്റെ വാഗ്ദാനമനുസരിച്ച് ആ വലിയ പ്രതിഫലം നല്കുമാറാകട്ടെ. ഈ ആത്മാർത്ഥരുടെ ത്യാഗത്തിന്റെ ആത്മാവ് ഭാവിയിലും ഉണർവുണ്ടാക്കിക്കൊണ്ടിരിക്കുമാറാകട്ടെ. ഈ ത്യാഗത്തിന്റെ ആത്മാവിനെ മരിക്കാൻ വിടാത്ത ത്യാഗീവര്യന്മാർ ജന്മംകൊള്ളുമാറാകട്ടെ. വരുംതലമുറയുടെ ഹൃദയം നിങ്ങളെക്കുറിച്ചുള്ള സൽവികാരങ്ങളും പ്രാർത്ഥനകളും കൊണ്ട് നിറയുംവിധം നിങ്ങൾ മാതൃകകൾ വിതറിക്കൊണ്ടേപോകുക. അവർ നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നവരായിത്തീരട്ടെ. സൽമാതൃക കാഴ്ചവെച്ചുകൊണ്ട് വരുംതലമുറയിലും ഇത്തരം ആത്മാവ് സ്ഥാപിച്ചിട്ടുള്ളവർക്കെല്ലാം അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. ആമീൻ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 4.1.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala